# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 173 — 12.02.2013 – ൽ മറുപടിക്ക്**

### കടൽക്കാറ്റിൽ നിന്ന് വൈദ്യുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. റ്റി.എൻ. പ്രതാപൻ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കടൽക്കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ തുറമുഖ വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. എന്നാൽ കടൽക്കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സാധ്യതാ പഠനം നടത്തുന്നതിലേയ്ക്ക് ഇ-ടെണ്ടർ മുഖാന്തിരം ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഭാവിയിൽ തുറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നതാണ് മുഖ്യമായ ലക്ഷ്യം. ആയതിന്റെ പ്രവർത്തനരീതികൾ സാധ്യതാ പഠനം കഴിഞ്ഞ് നിശ്ചയിക്കുന്നതാണ്. |
| (സി) | പദ്ധതി സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല. എന്നാൽ ഓഫ് ഷോർ വിൻഡ് ഫാംസ് സ്ഥാപിക്കുന്നതിന് സാധ്യതാ പഠനം നടത്തുന്നതിലേയ്ക്ക് 10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയതിനെ തുടർന്ന് ഇ-ടെണ്ടർ മുഖാന്തിരം ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. |

----2

| | | | |
|---|---|---|---|
| (ഡി) | പദ്ധതി മുഖേന ഉല്പാദിപ്പിക്കുന്ന വൈദ്യുതി, തുറമുഖ പ്രവർത്തനങ്ങൾക്കും മത്സ്യമേഖലയിലും എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലേ തീരുമാനമെടുക്കാനാകൂ. |

സെക്ഷൻ ഓഫീസർ